ക്ഷേത്രത്തിനും ഗ്രേഡ് തിരിച്ച് ശമ്പള പരിഷ്കരണം കൊണ്ടു വന്നത് അശാസ്ത്രീയമായി നൽകുകയാണ്. ഇവർക്ക് ഗ്രേഡ് തിരിച്ച് ശമ്പള പരിഷ്കരണം കൊടുത്തതുകൊണ്ട് യാതൊരു കാര്യവുമില്ല. മലബാറിൽ തകർന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ക്ഷേത്രങ്ങൾ നിരവധിയുണ്ടെന്ന് എല്ലാവർക്കുമറിയാം. ഇതിനൊരു പുരോഗമനമുണ്ടാക്കുന്നതിനുവേണ്ടി മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, 1992-ൽ ഹിന്ദു ദിനപത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട മലബാർ പ്രദേശത്തെ ക്ഷേത്ര ജീവനക്കാരുടെ പരിതാപകരമായ ജീവിത സാഹചര്യങ്ങളെക്കുറിച്ചുള്ള വാർത്തയെ അടിസ്ഥാനപ്പെടുത്തി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്വമേധയാ എടുത്ത പൊതു താല്പര്യ കേസിൽ 13 നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഉത്തരവായി. അതിലൊന്ന് മലബാർ പ്രദേശത്തെ ക്ഷേത്രങ്ങളുടെ ഭരണ നിയന്ത്രണത്തിന് ഒരു ബോർഡും തിരുവിതാംകൂർ - കൊച്ചി മലബാർ മേഖലകൾക്ക് ഒരു ഏകീകൃത ബോർഡും രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്നതായിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മലബാറിലെ ദേവസ്വങ്ങൾക്ക് വേണ്ടി ഒരു മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനും മൂന്നു മേഖലകൾക്കും കൂടി (തിരുവിതാംകൂർ - കൊച്ചി, മലബാർ) ഒരു ദേവസ്വം അപ്പക്സ് ബോർഡ് രൂപീകരിക്കുന്നതിനും ഉദ്ദേശമുണ്ട്. '1997-ലെ' കേരള ഹിന്ദു മത ധർമ്മ സ്ഥാപനങ്ങളും എൻഡോവുമെന്റുകളും ബിത എന്ന പേരിൽ ഒരു ബിൽ തയ്യാറാക്കി 1997 ഡിസംബറിൽ നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. സഭയുടെ തീരുമാനപ്രകാരം ബിൽ പൊതുജന അഭിപ്രായത്തിനായി പ്രസിദ്ധീകരിക്കുകയുണ്ടായി. ഏകീകൃത ദേവസ്വം ബോർഡും അപ്പക്സ് ബോർഡും രൂപീകരിക്കുന്നതിൽ പോതുവെ എതിരഭിപ്രായമാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ മലബാർ മേഖലയിലെ ഭൂരിഭാഗം ദേവസ്വങ്ങളും ക്ഷേത്ര ജീവനക്കാരും മലബാറിലെ ദേവസ്വങ്ങൾക്കായി ഒരു മലബാർ ദേവസ്വം ബോർഡ് ഉടൻ രൂപീകരിക്കണമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ പ്രശ്നം ഗൗരവമായി പരിശോധിച്ചു കൊണ്ട് നിയമപരമായി ഇത് എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കുകയാണ്. അടിയന്തിരമായി മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ പ്രശ്നം പരിഹരിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് പോലെ തന്നെ മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു.

(19) സംസ്ഥാനത്ത് വാഹനങ്ങൾ കൂടുതൽ രജിസ്റ്റർ ചെയ്യുന്നതുവഴി കിട്ടുന്ന വരുമാനം

ശ്രീ. പി. സി. ജോർജ് : സർ, നമ്മുടെ സംസ്ഥാനത്തെ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ സെൻട്രൽ ഗവൺമെന്റ് ഉത്തരവനുസരിച്ച് SO 444 E dated, June 12, 1989 അനുസരിച്ചാണ് നമ്പർ കൊടുക്കുന്നത്. ഓരോ സംസ്ഥാനത്തും ഓരോ നമ്പർ, കെ. എൽ. കേരള, കെ. എൻ. കർണ്ണാടക ടി. എൻ. തമിഴ്നാട് ഉൾപ്പെടെ അങ്ങനെ ഓരോന്ന് കോടുത്തിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് 14 ജില്ലകളിലായി കെ.എൽ. 1 SO14 വരുന്നു. കെ.എൽ 15 കെ.എസ്.ആർ.ടി.സി. അങ്ങനെ വരുമ്പോൾ എറണാകുളം ജില്ല ഉദാഹരണമായി എടുത്താൽ കെ.

LIBRARY ARCHIVES Kerala Legislative Assembly

എൽ. ഇസഡ്ഡ് കഴിഞ്ഞാൽ തീർന്നു. എറണാകുളം ജില്ലയ്ക്കായിരുന്നു കെ. എൽ. 7 നൽകിയത്. എറണാകുളം ജില്ലയിൽ കെ. എൽ 71 എന്ന ഒരൊറ്റ ഫാൻസി നമ്പർ മാത്രമേ ഉണ്ടാകുന്നുള്ളൂ. യഥാർത്ഥത്തിൽ ഇവിടെ ആറ് സബ് ഓഫീസുകളുണ്ട്. അപ്പോൾ 6+1=7. അങ്ങനെ വരുമ്പോൾ എല്ലാറ്റിനും ഓരോ സെപ്പറേറ്റ് നമ്പർ കൊടുക്കാൻ കഴിയുകയാണെങ്കിൽ ഏഴ് ഫാൻസി നമ്പർ. ആയിരം വരുമ്പോൾ ഒരു ഫാൻസി നമ്പർ ആണെങ്കിൽ കെ. എൽ. 71 പോലെ അവർക്ക് കൊടുക്കുകയാണെങ്കിൽ, 7,000 രൂപ കൂടി കിട്ടും. ലേലം ചെയ്താൽ അതിൽ കൂടുതൽ തുകയും കിട്ടുന്നുണ്ട്. എറണാകുളം ജില്ലയെക്കുറിച്ച് പറയാൻ കാരണം ഏറ്റവും കൂടുതൽ വണ്ടി രജിസ്റ്റർ ചെയ്യുന്നത് എറണാകുളം ജില്ലയിലാണ്. എറണാകുളം ജില്ലയിൽ A to Z വരെ 26. 26-ൽ 'I' യും 'O'യും ഒഴിവാക്കി. 24 എണ്ണത്തിൽ 9999 എന്ന നമ്പരിൽ വാഹനം രജിസ്റ്റർ ചെയ്യുകയാണ്. ഇവിടെ രജിസ്റ്റർ ചെയ്താൽ ഒരു സബ് ഓഫീസിൽ 24 x 9999. അതിന്റെ അർത്ഥം 2,39,976. കൂടാതെ ഒരു 9999 കൂടി കൂട്ടിയാൽ 2,49,975 വാഹനം പ്രതീക്ഷിക്കാം. അങ്ങനെ വരുമ്പോൾ ഈ സബ് ഓഫീസുകൾക്ക് മുഴുവൻ ഇതുപോലെ ഓരോ നമ്പർ കൊടുക്കുകയാണെങ്കിൽ വലിയൊരു വരുമാനം ഇതനുസരിച്ച് സർക്കാരിന് ഉണ്ടാവുകയും ചെയ്യും. എറണാകുളത്തെ നമ്പർ തീരുകയുമില്ല. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഇതേ രീതിയിൽ കൊടത്തു കഴിഞ്ഞു. സെൻട്രൽ ആക്ട് ഇതിന് വിരുദ്ധമല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, ഇന്ന് കേന്ദ്രഗവൺമെന്റിന്റെ തീരുമാനത്തിന് വിധേയമായിട്ടാണ് നടപ്പിലാക്കി വരുന്നത്. ഇതിന് വല്ല മാറ്റവും വരണമെങ്കിൽ കേന്ദ്ര ഗവൺമെന്റിനോട് ആരായണം. ബഹുമാനപ്പെട്ട അംഗത്തിന്റെ അഭ്യർത്ഥന മാനിച്ച് അത് ആരായാൻ ശ്രമിക്കുന്നതാണ്.

(20) വടക്കാഞ്ചേരി കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോ ആക്കണമെന്ന ആവശ്യം

ശ്രീ. സി. കെ. രാജേന്ദ്രൻ : 1985-ൽ എന്റെ മണ്ഡലത്തിൽ, വടക്കാഞ്ചേരിയിൽ പ്രവർത്തനം ആരംഭിച്ച കെ.എസ്. ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയായി ഉയർത്തണമെന്നാണ് എന്റെ ആവശ്യം. 1985-ൽ ഈ സെന്റർ ആരംഭിക്കുമ്പോൾ സബ് ഡിപ്പോയായി ഉയർത്തുന്നതിനാവശ്യമായ സ്ഥലം വേണമെന്ന നിർദ്ദേശമുണ്ടായിരുന്നു. അതിന്റെ ഭാഗമായി 5 ഏക്കർ സ്ഥലമെടുത്ത് നൽകുകയുണ്ടായി ആ പ്രദേശത്തുകാരായ ഇപ്പോൾ മന്ത്രിയായിട്ടുള്ള റവന്യൂ മന്ത്രി, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മുൻ എം. എൽ. എ., സി. ടി. കൃഷ്ണൻ എന്നിവരുടെയൊക്കെ ശ്രമഫലമായിട്ടാണ് ഈ സ്ഥലമെടുപ്പും സബ് സെന്ററും അവിടെ അനുവദിക്കപ്പെട്ടത്. ഇത് സബ്ഡിപ്പോയായി ഉയർത്താത്തതുകൊണ്ട് അവിടെ നിന്നും പാലക്കാട് അല്ലെങ്കിൽ തൃശൂർ പോയി ഡീസൽ നിറയ്ക്കേണ്ടിവരുന്നു. അതുപോലെ സ്പെയർ പാർട്ട്സ് കിട്ടില്ല. റിപ്പയറിനും മറ്റും പാലക്കാട് പോകേണ്ടിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly